LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ കീടനാശിനിയുടെ പാർശ്വഫലങ്ങൾ

120 [843] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷൻ മേഖലയിൽ എൻഡോസൾഫാൻ കീടനാശിനി ഉപയോഗിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കീടനാശിനി ഉപയോഗിക്കുന്നത് സംബന്ധിച്ച് വല്ല നിരോധനവും നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കീടനാശിനി ഉപയോഗംമൂലമുള്ള പാർശ്വഫലങ്ങളും അതുവഴി വരുന്ന മാരകമായ രോഗങ്ങളും സംബന്ധിച്ച വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം രോഗം ബാധിച്ച ആൾക്കാർക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സഹായങ്ങൾ വർദ്ധിപ്പിക്കുന്നതിനും മുഴുവൻ പേരുടേയും വിവരം ശേഖരിച്ച് അവർക്ക് ഉചിതമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(എഫ്) എൻഡോസൾഫാൻ ഉപയോഗം പൂർണ്ണമായും നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ 2001 ഫെബ്രുവരിക്കുശേഷം പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിക്കുന്നില്ല.

(ബി) ഈ കീടനാശിനി ഉപയോഗിക്കുന്നതിന് നിരോധനം നിലവിലുണ്ട്.

(സി) എൻഡോസൾഫാൻ മൂലമുള്ള പാർശ്വഫലങ്ങൾ രണ്ടുതരത്തിലുള്ളവയാണ്. ഉടനെഉണ്ടാകുന്നവ ചൊറിച്ചിൽ, തൃക്ക് രോഗങ്ങൾ, ആസ്മ പോലുള്ള ശ്വാസകോശ രോഗങ്ങൾ' തുടങ്ങിയവയാണ്. ദീർഘനാളായിട്ടുള്ള ഈ കീടനാശിനിയുമായുള്ള സമ്പർക്കംകൊണ്ട് പാർശ്വഫലങ്ങൾ കണ്ടുവരുന്നത്, വളർച്ചക്കുറവ്, കുട്ടികളിൽ പഠനകാര്യങ്ങളിൽ പിന്നോക്കാവസ്ഥ, പെൺകുട്ടികളിലും ആൺകുട്ടികളിലും പ്രായ പൂർത്തിയാകുന്നതിൽ താമസം നേരിടുക, ഗർഭം അലസൽ, വന്ധ്യത, ജനിതക വൈകല്യം, അതുമൂലം അംഗവൈകല്യമുള്ള കുട്ടികൾ ജനിക്കുക, ബുദ്ധിമാന്ദ്യം എന്നിവയാണ്.

(ഡി) പ്രശ്നബാധിത പ്രദേശങ്ങളിൽ സ്പെഷ്യലിസ്റ്റുകളെ പങ്കെടുപ്പിച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നുണ്ട്. കൂടാതെ സൗജന്യ ചികിത്സാ സൗകര്യങ്ങൾ, അംഗവൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ എന്നിവയാണ് ഇപ്പോൾ നൽകിവരുന്ന സഹായങ്ങൾ.

(ഇ) ആരോഗ്യവകുപ്പ് നടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിൽ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് ആരോഗ്യ പ്രശ്നങ്ങൾ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കമ്മിറ്റികളുടെ ശുപാർശകൾ പഠിച്ചുവരുന്നു.

(എഫ്) എൻഡോസൾഫാന്റെ പൂർണ്ണമായ നിരോധനത്തെ സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കേണ്ടത് കേന്ദ്രസർക്കാർ ആണ്.

കഴിഞ്ഞ ആറ് വർഷങ്ങളിൽ അനുവദിച്ച ആയുർവേദ ഡിസ്പെൻസറികൾ

121 [844] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99, 1999-2000, 2000-2001, 2001-2002, 2002-2003 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര ആയുർവേദ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഓരോ വർഷവും എത്ര ഡിസ്പെൻസറികൾ കിടത്തിചികിത്സിക്കുന്നതിന് സൗകര്യമുള്ളതായ ആശുപത്രികളായി ഉയർത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ സാമ്പത്തിക വർഷത്തിൽ ആയുർവേദ ഡിസ്പെൻസറികളോ ആശുപത്രികളോ പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര വീതമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1997-1998-ൽ 10-ഉം, 1998-1999-ൽ 10-ഉം, 1999-2000-ൽ 50-ഉം, 2000-2001-ൽ 50-ഉം ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്. 2001-2002-ലും 2002-2003-ലും ഡിസ്പെൻസറികൾ അനുവദിച്ചിട്ടില്ല.

(ബി) 1997-1998-ൽ ഒന്നും 1998-1999-ൽ രണ്ടും 1999-2000-ൽ രണ്ടും 2000-2001-ൽ രണ്ടും ഡിസ്പെൻസറികൾ ആശുപത്രികളാക്കി ഉയർത്തിയിട്ടുണ്ട്. 2001-2002, 2002-2003 വർഷങ്ങളിൽ ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തിയിട്ടില്ല.

(സി) ഈ സാമ്പത്തിക വർഷം '10' ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ രണ്ട് ജില്ലാ ആയുർവേദ ആശുപത്രികൾ നൂറ് കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly